മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ് : ബ്ലാക്ക മാക്കറിനെ പ്രോത്സാഹിപ്പിച്ചുവെന്നുള്ളതല്ലേ കുറ്റം?

റാവുസാഹിബ് എം. എം. പോറ്റി : അതെ.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : പാവ്വത്യക്കാർ അളേഹത്തോട് കുറച്ചു ഉരുപ്പിക ചോദിച്ചുതായി കംപ്ലെയിൻറ് ഉണ്ടോ?

റാവുസാഹിബ് എം. എം. പോറ്റി : നോട്ടീസ്സു വേണം. കൊച്ചുവക്കിയുടെ കാര്യത്തിലുള്ള നടപടികൾ അവസാനിക്കാറായി എന്നാണ് തോന്നുന്നത്.

Mr. President : Order, order. The time for questions and answers has expired.

TEXT BOOK COMMITTEE

144. Miss Annie Joseph *(Trichur-Women):* Will Government be pleased to state.—

(*a*) when was the present Text Book Committee constituted;

(*b*) was the opinion of the public invited before adopting the rules and regulations of the Text Book Committee;

(*c*) were the rules and regulations of the said committee placed before the Education Advisory Committee;

(*d*) are there elected representatives of the Legislative Council on the Committee?

Rao Sahib I. N. Menon *(Director of Public Instruction):* (*a*) In December 1943.

(*b*) No. It was not deemed necessary to invite public opinion on a purely technical question like this.

(*c*) No.

(*d*) Yes.

SEA EROSION—CHELLANAM

145. Mr. P. M. Mayankutty *(Mattancheri):* Will Government be pleased to state.—

(*a*) whether the Government have received any representation from the inhabitants of Che'lanam regarding the havoc caused by the recent sea erosion;

(*b*) if so, what steps are taken in the matter?

Mr. V. K. Aravindaksha Menon *(Chief Engineer):* (*a*) Yes.

(*b*) Government are protecting the sea coast from Cochin to Chellanam by constructing groynes.

PERUNTHODE—CRANGANUR

146. മിസ്റ്റർ പി. എം. മുഹമ്മത് അഷ്റഫ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക ഗവമ്മെണ്ടു സദയം മറുപടി പറയുമോ.—

കൊടുങ്ങല്ലൂരിലെ പെരുന്തോട്ടു താഴ്ത്തി വാഹനങ്ങൾക്കു ഗതാഗതം ചെയ്യുവാൻ സൌകര്യമുണ്ടാക്കിക്കൊടുക്കുന്നതു നെക്കുറിച്ചു ഗവമ്മെണ്ടിനു നാട്ടുകാരുടെ എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: ഉവ്വ്; ഈ സംഗതി ഗവമ്മെണ്ടിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടു; എന്നാൽ കൊടുങ്ങല്ലൂരിലെ ധനസ്ഥിതികൊണ്ടു ഈ പണി തല്ക്കാലം ചെയ്യുന്നതിനു അനുവദിക്കുന്നില്ല.

STORAGE OF WATER—KOLE CULTIVATION—PARTICULARS OF

147. മിസ്റ്റർ ടി. കെ. എൽ. കുഞ്ഞുവറിയ്ത്: താഴെ പറയുന്ന ചോദ്യങ്ങൾക്ക ഗവമ്മെണ്ടു സദയം മറുപടി പറയുമോ.—

(എ) കഴിഞ്ഞ ർ ൦ കൊല്ലങ്ങൾക്കുള്ളിൽ കൃഷിയാവശ്യമായിട്ടുള്ള ജലസേചന പദ്ധതികൾക്കായി ഗവമ്മെണ്ടു എത്ര മൂലധനം ചിലവാക്കീട്ടുണ്ടു;

(ബി) കോൾകൃഷി ആവശ്യമായി എത്ര ചിലവാക്കീട്ടുണ്ടു;

(സി) കോൾകൃഷിയുടെ രക്ഷക്കായി ചാലക്കുടിയിൽനിന്നോ മറ്റു എതെങ്കിലും വഴിക്കോ വെള്ളം കൊണ്ടുവരുന്നതിനു ഗവമ്മെണ്ടു ആലോചിക്കുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതു എത്ര നിലയിൽ ഇരിക്കുന്നു?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: (എ), (ബി) ആവശ്യപ്പെട്ടിരിക്കുന്ന വിവരത്തിന്റെ വില ആ വക വിവരങ്ങൾ സമ്പാദിപ്പാൻ ചിലവിടേണ്ടിവരുന്ന സമയത്തിനും ബുദ്ധിമുട്ടിനും അനുരൂപമായിട്ടുള്ളതാണെന്നും ഗവമ്മെണ്ടു കരുതുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ട്. "പിള്ളത്തോട്", "പീച്ചി" എന്നീ പദ്ധതികളെ നടപ്പിൽ വരുത്തുന്നതുമൂലം.

(ഡി) ഈ പദ്ധതികൾ ഇപ്പോൾ അന്വേഷണത്തിലിരിക്കുകയാണ്.

Voting of Demands for Grants

21. Education—*(cont.)*

CUT MOTION No. 35—*(cont.)*

Inordinate delay in granting educational concessions to the dependents of Military employees

മിസ്റ്റർ ജി. എസ്സ്. ധാരാസിംഗ്: സർ, ഈ ഉപക്ഷേപത്തിൽ ആവശ്യപ്പെട്ടിരിക്കുന്ന സംഗതി—അതായതു പട്ടാളസേവനം ചെയ്യുന്നവരുടെ കുടുംബക്കാർക്കു വിദ്യാഭ്യാസ സൌകര്യവും മറ്റു ആനുകൂല്യങ്ങളും കാലവിളംബം കൂടാതെ ചെയ്തു കൊടുക്കണമെന്നുള്ളതു—ഏതടിസ്ഥാനത്തിന്മേലാണു; ഏതു തത്വത്തിന്മേലാണു എന്നുള്ളതാണു ഞങ്ങൾക്കു മനസ്സിലാകാത്തതു. ദേശപ്രേമത്തിന്റെ പേരിലാണ് അവർ യുദ്ധസേവനത്തിനു പോയിരിക്കുന്നതെന്ന വാദം എടുക്കുകയാണെങ്കിൽ,—അതു ഒരുപക്ഷെ, നമ്മളുടെ ബഹുമാനപ്പെട്ട ഫൈനാൻസുമെമ്പറും സമ്മതിക്കാനും അങ്ങിനെ പറഞ്ഞേക്കാം. ഫൈനാൻസു മെമ്പർ അങ്ങിനെ പറഞ്ഞിട്ടുമുണ്ട്. എന്നാൽ ഞങ്ങൾ അതു ഒരു കാലത്തും സമ്മതിച്ചു കൊടുക്കാൻ തയ്യാറില്ല. ദേശപ്രേമത്തിന്റെ പേരിൽ യൂറോപ്പിൽ ഡെമോക്രസിയുടെ പേരിൽ, മറ്റിതരാജ്യങ്ങളെ കൊള്ള അടിച്ചു ജീവിക്കുന്ന സാമ്രാജ്യശക്തി അതിന്റെ മരണവിളി മുഴക്കുമ്പോൾ അവരെ രക്ഷിക്കുവാനായി സേച്ഛാധിപത്യവും ഭയങ്കരമായ മർദ്ദനങ്ങളും നടത്തുന്ന ഈ അടിമഭാരതത്തിന്റെ ഒരടിമഘടകമെന്ന നിലയിൽ തുടർന്നു പോരുന്ന ഈ കൊച്ചി രാജ്യത്തിലെ ഒരു പൌരൻ എങ്ങിനെയാണു ദേശപ്രേമത്തിന്റെ പേരിൽ, ആവേശംകൊണ്ടു മതിമറന്നു, തന്റെ മാതൃഭൂമിയെ രക്ഷിക്കാനെന്നുള്ള ഭാവേന അവരെ രക്ഷിക്കാനായി ഓടിച്ചെല്ലുന്നതു? ഇതാണു ഞങ്ങൾക്കു മനസ്സിലാകാത്തതു. ഞങ്ങൾ പറയുന്നതു വെറും സാമ്പത്തികമായ ആവശ്യംകൊണ്ടു മാത്രമാണെന്നു. ഇവിടെ പട്ടിണികിടന്നു മരിക്കുന്നതിലും നല്ലതു വല്ല എടത്തും പോയി വീരത്തോടും ശൌര്യത്തോടുംകൂടി പോക്കളത്തിൽവെച്ചു പടവെട്ടി വീരസ്വർഗ്ഗം പ്രാപിക്കയല്ലെ എന്നു വെച്ചാണു് കൊച്ചിക്കാരും ഇന്ത്യാക്കാരും പട്ടാളത്തിൽ ചേർന്നിരിക്കുന്നതെന്നു് ഇന്ത്യാക്കാരല്ലാത്തവർക്കുതന്നെ ബോദ്ധ്യമായിട്ടുണ്ടു്. സഖ്യശക്തികളിൽ ഏറ്റവും പ്രധാനപ്പെട്ട അമേരിക്കൻ രാഷ്ട്രത്തിന്റെ സൌത്ത് ഈസ്റ്റ് ഏഷ്യാ കമാൻഡർ "ജനറൽ സ്റ്റിൽവൽ" ഒരിക്കൽ പറഞ്ഞു "ഇന്ത്യാക്കാർ വാസ്തവത്തിൽ അവരുടെ വയറു പിഴപ്പിനുവേണ്ടി മാത്രമാണു; പട്ടിണികിടന്നു മരിക്കാതെയിരിക്കാൻവേണ്ടി മാത്രമാണു; ശമ്പളം മാത്രം ആഗ്രഹിച്ചാണു യുദ്ധത്തിൽ ചേരുന്നതെന്നു്. അല്ലാതെ ഇന്ത്യയെ രക്ഷിക്കാനല്ല; കൊച്ചിയെ രക്ഷിക്കാനല്ല. അവർ യുദ്ധത്തിനു പോയിട്ടുള്ളതു്. അങ്ങിനെയിരിക്കെ വല്ലവക്കും വേണ്ടി ശമ്പളം വാങ്ങി യുദ്ധത്തിനു പോയിരിക്കുന്നവരുടെ—അവരുടെ വീര്യശൌര്യപരാക്രമങ്ങളെപ്പറ്റി ഞാൻ പറയുന്നില്ല; അവർ ഇന്ത്യാക്കാരുടെ സഹജമായ വീര്യശൌര്യപരാക്രമങ്ങളോടുകൂടി പടവെട്ടീട്ടുണ്ടു്—എങ്കിലും നമ്മൾക്കുവേണ്ടിയല്ല അവരെ യുദ്ധത്തിനയച്ചിരിക്കുന്നതു്—അങ്ങിനെയുള്ളവരുടെ മക്കൾക്കും കുടുംബക്കാർക്കും വേണ്ട സഹായം നൽകേണ്ടതിനുള്ള കടമ നമ്മൾക്കല്ല. ഐക്യകക്ഷികൾക്കാണു്. ഇംഗ്ലണ്ടിലും സ്വതന്ത്രരാഷ്ട്രങ്ങളിലും ഇങ്ങിനെ ചെയ്യുന്നതിൽ പിന്നേയും വല്ല അർത്ഥമുണ്ടു്.

Mr. President: Order, order. I must remind the Hon'ble Member that under the rules of this House the discussion must be confined to the particular object for which the grant is asked. The Hon'ble Member is speaking on a motion to reduce the grant in order to call attention to the delay in giving educational concessions to the dependents of Military employees. I cannot see how the motives which lead men to enlist in the forces can be relevant.

Mr. G. S. Dhara Singh *(Mattancheri)*: We fail to understand on what grounds the Cochin Government has to give these educational facilities, on that point only I am dilating.

Mr. President: The Hon'ble Member is expressing his disapproval of the policy of giving educational concessions.

Mr. G. S. Dhara Singh *(Mattancheri)*: Yes. സർ, പിന്നെ രണ്ടാമത്തെകാരണം, അവർക്കു പണത്തിന്റെ ബുദ്ധിമുട്ടു ധാരാളമുണ്ടു് എന്നുള്ളതായിരിക്കാം; അവരിൽ പലർക്കും വളരെ കുറഞ്ഞ ശമ്പളമായിരിക്കാം എങ്കിലും അവരുടെ കുടുംബക്കാരെ രക്ഷിക്കേണ്ടഭാരം അവർ ആക്കു

LIBRARY ARCHIVES Kerala Legislative Assembly